# നമസ്കാരത്തിൽ നിയ്യത്ത് ഉച്ചരിക്കൽ

ഇമാം ഇബ്നുൽ ഖയ്യിം (رحمه الله)

ഇമാം ഇബ്നുൽ ഖയ്യിം തന്റെ 'സാദുൽ മആദ് 'എന്ന ഗ്രന്ഥത്തിൽ പറയുന്നു:

كَانَ صلّى اللّه عليه وسلّم إذَا قَام إلَى الصلَاة قَالَ " اللّه أكْبر " ولَم يقُلْ شيئًا قَبلَها ولَا تلَفّظَ بِالنية الْبتةَ ولَا قَالَ أُصلّي للّه صلَاةَ كَذَا مستقْبِلَ الْقبلَة أَربع ركَعات إماما أَو مأْموما ولَا قَالَ أداءً ولَا قَضاءً ولَا فَرض الْوقْت وهذه عشر بِدعٍ لَم ينقُلْ عنه أَحد قَطّ بِإِسناد صحيحٍ ولَا ضعيف ولَا مسند ولَا مرسلٍ لَفْظَةً واحدةً منها الْبتةَ بلْ ولَا عن أَحد من أَصحابِه ولَا استحسنه أَحد من التابِعين ولَا الْأَئمة الْأَربعة وإِنما غَر بعض الْمتأَخرِين قَول الشافعي رضي اللّه عنه في الصلَاة إنها لَيست كَالصيامِ ولَا يدخلُ فيها أَحد إلّا بِذكْرٍ فَظَن أَنّ الذّكْر تلَفّظُ الْمصلّي بِالنية وإِنما أَراد الشافعي رحمه اللّه بِالذّكْرِ تكْبِيرةَ الْإِحرامِ لَيس إلّا وكَيف يستحب الشافعي أَمرا لَم يفْعلْه النبِي صلّى اللّه عليه وسلّم في صلَاة واحدة ولَا أَحد من خلَفَائه وأَصحابِه وهذَا هديهم وسيرتهم فَإِنْ أَوجدنا أَحد حرفًا واحدا عنهم في ذَلك قَبِلْناه وقَابلْناه بِالتسليمِ والْقَبول ولَا هدي أَكْملُ من هديهم ولَا سنةَ إلّا ما تلَقّوه عن صاحبِ الشرعِ صلّى اللّه عليه وسلّم .

നബി(ﷺ) നമസ്കാരത്തിനായി നിന്നാൽ الله أكبر എന്ന് പറയും, അതിന്റെ മുമ്പ് ഒന്നും തന്നെ പറയുകയോ നിയ്യത്ത് മൊഴിയുകയോ ചെയ്യുമായിരുന്നില്ല. അല്ലാഹുവിനുവേണ്ടി ഇന്ന നമസ്കാരം നാല് റകഅത്ത് കിബ്‌ലക്ക് മുന്നിട്ട് ഇമാമോ മഅ്മൂമോ അദാആയോ ഖളാആയോ സമയത്തിലെ ഫർദ് ആയി ഞാൻ നമസ്കരിക്കുന്നുവെന്ന് പറഞ്ഞിട്ടില്ല. ഈ പത്ത് ബിദ്അത്തുകൾ നബി(ﷺ)യിൽനിന്ന് സ്വഹീഹായോ ളഈഫായോ മുസ്നദായോ മുർസലായോ ഒരു വാക്കുപോലും ആരും തന്നെ ഉദ്ധരിച്ചിട്ടില്ല. മാത്രമല്ല പ്രവാചകന്റെ അനുചരൻമാരിൽനിന്ന് ഒരാളിൽനിന്നുപോലും ആരും ഇപ്രകാരം ഉദ്ധരിച്ചിട്ടില്ല. താബിഈങ്ങളോ നാല് ഇമാമുമാരോ ആരും തന്നെ അത് നല്ലതായി കണ്ടിട്ടില്ല. ഇമാം ശാഫി(رحمه الله)യുടെ ഒരു വാക്കിൽ പിൽക്കാരക്കായ ചിലർ വഞ്ചിതരായിപോവുകയാണ് ഉണ്ടായത്. അദ്ദേഹം നമസ്കാരത്തെ സംബന്ധിച്ച് പറഞ്ഞു: അത് നോമ്പിനെപോലെയല്ല അതിൽ ദിക്റോടുകൂടിയല്ലാതെ ആരും പ്രവേശിക്കുകയില്ല. നമസ്കരിക്കുന്നവൻ നിയ്യത്ത് ഉച്ചരിക്കുകയാണ് ദികറ് എന്നവർ ഊഹിച്ചു. യഥാർതത്തിൽ ഇമാം ശാഫി(رحمه الله) ഇവിടെ ദിക്റ് എന്നതുകൊണ്ട് ഉദ്ദേശിച്ചത് തക്ബീറത്തുൽ ഇഹ്റാമല്ലാതെ മറ്റൊന്നുമല്ല. നബി(ﷺ)യോ അവിടുത്തെ

ഖുലഫാഉറാശിദുകളോ അനുചരൻമാരോ ഒരു നമസ്കാരത്തിലെങ്കിലും ചെയ്യാത്ത ഒരു കാര്യം ഇമാം ശാഫി(رحمه الله) എങ്ങിനെയാണ് ഇഷ്ടപ്പെടുക? ഇതാണ് അവരുടെ ചര്യയും മാർഗവും. ഈ വിഷയത്തിൽ നാം അവരിൽനിന്നും ഒരു അക്ഷരമെങ്കിലും കണ്ടാൽ നാം അത് സ്വീകരിക്കുകയും അതിന് കീഴൊതുങ്ങുകയും ചെയ്യും. അവരുടെ ചര്യകളേക്കാൾ ഉത്തമമായ ഒരു ചര്യ ഇല്ല നബി(ﷺ)യിൽനിന്ന് അവർ ഏറ്റുവാങ്ങിയതല്ലാതെ മറ്റൊരു സുന്നത്തുമില്ല.

വിവർത്തനം: **മുഹമ്മദ് സാദിക് മദീനി**